PR / 433 / Window / 18/6/2011

# കേരള സംസ്ഥാന വൈദ്യുതി ബോർഡ്

## വിജ്ഞാപനം

1885 ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ട് 16 (1)-ാം വകുപ്പ്, 1910 ലെ ഇലക്ട്രിസിറ്റി ആക്ട് 12 മുതൽ 16 വരെ വകുപ്പുകൾ, 2003ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 67, 164 എന്നീ വകുപ്പുകൾ അനുസരിച്ച് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് മലപ്പുറം ട്രാൻസ്മിഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം.

മലപ്പുറം ജില്ലയിലെ അരീക്കോട് സബ്സ്റ്റേഷനിൽ നിന്നും നിലമ്പൂർ സബ്സ്റ്റേഷനിലേക്ക് 110കെ.വി.ലൈൻ നിർമ്മിക്കുന്നതിന്റെ ഭാഗമായി സർവ്വെ,മുറിച്ചുമാറ്റേണ്ട മരങ്ങളുടെ കണക്കെടുപ്പ്, പരിശോധന, നിർമ്മാണം മുതലായ പ്രവൃത്തികൾക്കു വേണ്ടി വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥൻമാരും, ജീവനക്കാരും, ബോർഡ് ചുമതലപ്പെടുത്തുന്ന മറ്റു വ്യക്തികളും ഏറനാട്, നിലമ്പൂർ താലൂക്കുകളിൽപ്പെട്ട നിലമ്പൂർ, അകമ്പാടം, കുറുമ്പലങ്ങോട്, പുള്ളിപ്പാടം, പെരുകമണ്ണ, എടവണ്ണ, ഊർങ്ങാട്ടിരി, കിഴുപറമ്പ്, മമ്പാട്, അരീക്കോട് എന്നീ വില്ലേജുകളിൽപ്പെട്ട സ്വകാര്യ ഭൂമികൾ ഉൾപ്പെടെയുള്ള വസ്തുക്കളിൽ കൂടി അവരുടെ നിയമാനുസൃത കൃത്യനിർവ്വഹണത്തിനായി നിശ്ചിത സമയങ്ങളിൽ പ്രവേശിക്കുന്നതാണെന്നുള്ള വിവരം ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

~~എന്ന്,~~

~~തങ്ങളുടെ വിശ്വസ്തൻ~~

(ഒപ്പ്)

ടി.വി.ജയിംസ്
എക്സിക്യൂട്ടീവ് എൻജിനീയർ
കെ.എസ്.ഇ.ബോർഡ്,
ട്രാൻഷസ്മിഷൻ ഡിവിഷൻ,
മലപ്പുറം